**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3624** **12-03-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് വേണ്ടി കഴിഞ്ഞ ബജറ്റിൽ സർക്കാർ ഗ്രാന്റ് ഇനത്തിൽ എത്ര തുകയാണ് അനുവദിച്ചത്; ഈ തുക എത്രയായി വെട്ടിച്ചുരുക്കി; നാളിതുവരെ എത്ര തുക വിതരണം ചെയ്തു; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | സർക്കാർ ഗ്രാന്റ് അനുവദിക്കാത്തതിനാൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ അധ്യാപകർക്കും അനധ്യാപകർക്കും ശമ്പളം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർക്കാർ ഗ്രാന്റ് പാസ്സാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം മൂലം സർവകലാശാലയിലെ ശമ്പളം നൽകുന്നതിന് ചില സമയങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (സി) | നിലവിൽ ഗ്രാന്റ് പ്രതിമാസം ആണോ നൽകുന്നത്; ഈ രീതിയിൽ മാറ്റം വരുത്തിയത് എന്നുമുതലാണ്; മുൻപ് എപ്രകാരമായിരുന്നു വിതരണം ചെയ്തിരുന്നത്; | (സി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് നിലവിൽ ഗ്രാന്റ് പ്രതിമാസമാണ് നൽകുന്നത്. 2023-24 സാമ്പത്തിക വർഷം മുതലാണ് ഓരോ മാസവും ഗ്രാന്റ് നൽകുന്നത്. അതിനു മുൻപ് 3 മാസത്തേക്ക് വീതം 4 ഗഡുക്കളായിട്ടാണ് ഓരോ വർഷവും ഗ്രാന്റ് സർക്കാരിൽ നിന്നും അനുവദിച്ച് നൽകിയിരുന്നത്. |
| (ഡി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ശമ്പള ഗ്രാന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ശമ്പള ഗ്രാന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ഗ്രാന്റ് ഇനം | 2024–25 സാമ്പത്തിക വർഷം ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക | വെട്ടിച്ചുരുക്കിയ തുക | നാളിതുവരെ സർക്കാരിൽ നിന്നും ലഭിച്ച തുക |
|---|---|---|---|
| Plan Salary (2202-03-102-95-31) | 3,28,00,000 | NIL | 2,84,87,000 |
| Plan Non Salary (2202-03-102-95-36) | 4,92,00,000 | 3,22,86,000 | 2,45,92,705 |
| Non Plan Salary (2202-03-102-95-31) | 4,44,40,000 | NIL | 3,45,56,394 |

**<u>അനുബന്ധം – 2</u>**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് ശമ്പളം ഗ്രാന്റ് ഇനത്തിൽ വേർതിരിച്ച് ചുവടെ ചേർക്കുന്നു.

| Grant | Head of Account | Number of Employees | Yearly Amount | Total |
|---|---|---|---|---|
| Plan Salary (2202-03-102-95-31) | Head of School | 5 | 1,23,59,604 | **3,27,83,604** |
| | Assistant Professors | 46 | 2,04,24,000 | |
| Non Plan Salary (2202-03-102-95-31) | Statutory Officers | 6 | 1,26,98,952 | **4,47,62,988** |
| | RC Directors | 4 | 53,51,088 | |
| | Contract Staffs | 63 | 2,67,12,948 | |
| **Total :** | | **124** | **7,75,46,592** | **7,75,46,592** |

സെക്ഷൻ ഓഫീസർ